തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) 1984 മേയ് മാസം 24-ാം തീയതി.

(ബി) പുരുഷ തൊഴിലാളിക്കു 15 രൂപയും സ്ത്രീ തൊഴിലാളിക്കു 12 രൂപയും ആയിരിക്കണമെന്നാണു നിശ്ചയിച്ചിട്ടുള്ളത്.

(സി) കർഷക തൊഴിലാളികളുടെ മിനിമം വേജസ് പുതുക്കി നിശ്ചയിക്കുന്നതു സാധാരണയായി 5 കൊല്ലത്തിൽ ഒരിക്കൽ മാത്രമാണ്. എന്നിരുന്നാലും കുട്ടനാട്, പാലക്കാട് എന്നീ പ്രദേശങ്ങളിലെ കാർഷിക വ്യവസായ ബന്ധസമിതികളും ഈ പ്രദേശങ്ങളിലെ കർഷക തൊഴിലാളികൾക്കു കൂലി കൂട്ടി കൊടുക്കുന്നതിനു തീരുമാനിച്ചിട്ടുണ്ട്.

അനധികൃതമായി സർവ്വീസ് നടത്തുന്ന ട്രക്കറുകൾ

* 85. [86] ശ്രീ. രാഘവൻ പൊഴക്കടവിൽ :
,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ :
,, കെ. എസ്. നാരായണൻ നമ്പൂതിരി
,, കെ. കെ. ശ്രീനിവാസൻ :
,, കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശസാൽകൃത റൂട്ടുകളിൽ അനധികൃതമായി ട്രക്കറുകൾ സർവ്വീസ് നടത്തുന്ന വസ്തുത ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതു തടയാൻ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) :

(എ) ഉണ്ട്.

(ബി) മോട്ടോർ വാഹനവകുപ്പ്, പോലീസ് വകുപ്പ്, കെ. എസ്. ആർ. ടി. സി. എന്നിവയിലെ ഉന്നത ഉദ്യോഗസ്ഥൻമാരുടെ ഒരു യോഗം 23-9-1986-ൽ ഗതാഗത വകുപ്പുമന്ത്രി വിളിച്ചുകൂട്ടുകയും ട്രെക്കർ, ടെംപോവാൻ തുടങ്ങിയവ നടത്തുന്ന അനധികൃത സർവ്വീസുകൾ പൂർണ്ണമായി നിയന്ത്രിക്കുവാൻ നിർദ്ദേശം നൽകുകയും അതനുസരിച്ച് മോട്ടോർ വാഹനവകുപ്പിലെ എൻഫോഴ്സ്മെൻറ് ഉദ്യോഗസ്ഥൻമാർക്ക് പ്രതിവാരം പരിശോധനാവിധേയമാക്കേണ്ട വാഹനങ്ങളുടെ മിനിമം കോട്ടാ നിശ്ചയിക്കുകയും ചെയ്തു. അതനുസരിച്ചുള്ള പ്രവർത്തനം സസൂക്ഷ്മം പരിശോധനാവിധേയമായി വരുന്നു.

മാവൂർ ഗ്വാളിയർ റയോൺസ്

* 86. [87] ശ്രീ. കാനം രാജേന്ദ്രൻ :
,, കെ. പി. പ്രഭാകരൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. കെ. ടി. കണാരൻ :
,, കെ. ടി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവൂർ റയോൺസിലെ കൻസിലിയേഷൻ നടപടികൾ അവസാനിച്ചുവോ ;

LIBRARY ARCHIVES Kerala Legislative Assembly